പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2795

06.02.2018 -ലെ മറുപടിയ്ക്ക്

## ദേവികുളത്ത് തോട്ടം തൊഴിലാളികൾക്ക് ഭവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ .എസ്.രാജേന്ദ്രൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| ദേവികുളം നിയോജക മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് തൊഴിൽവകുപ്പ് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ഭവനം പദ്ധതി -തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി (Bhavanam Project –Own your own Housing Scheme) വിഭാവനം ചെയ്തിരിക്കുന്നത് കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനായിട്ടാണ്. ഈ സ്കീമിൽ, സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും ഉള്ള തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്ക് വ്യക്തിഗത വീട് നിർമ്മിച്ചു നൽകും, സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് അപ്പാർമെന്റ് നിർമ്മിച്ചു നൽകും. 400 ചതുരശ്ര അടിയിൽ 2 ബെഡ്റൂം, ഡ്രായിങ് കം ഡൈനിംഗ് ഹാൾ, ടോയ്‌ലറ്റ്, ബാത്ത്റൂം, അടുക്കള, വർക്ക് ഏരിയ എന്നിവയുള്ള ഒരു ഭവനയൂണിറ്റാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ